ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:20-08-2024**

## പ്രധാനവാർത്തകൾ

1). സിനിമ മേഖലയിൽ ചൂഷണം ചെയ്യപ്പെടുന്നവർക്ക് ഒപ്പമാണ് സംസ്ഥാന സർക്കാരെന്നും, പരാതി ലഭിച്ചാൽ ഉചിതമായ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

2) ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടാൻ വൈകിയതിൽ സർക്കാരിനെ വിമർശിച്ച് പ്രതിപക്ഷ പാർട്ടികൾ. റിപ്പോർട്ട് പുറത്തുവരുന്നതിൽ സർക്കാരിന് എതിർപ്പുണ്ടായിരുന്നില്ലെന്ന് മുഖ്യമന്ത്രി.

3) ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ദേശീയ ദൗത്യ സംഘത്തിന് രൂപം നൽകി സുപ്രീംകോടതി.

4) ഉന്നത തസ്തികകളിലെ ലാറ്ററൽ എൻട്രി വിജ്ഞാപനം പിൻവലിക്കാൻ യു.പി.എസ്.സി യ്ക്ക് നിർദേശം നൽകി കേന്ദ്രസർക്കാർ.

5) 170-ാമത് ശ്രീനാരായണ ഗുരു ജയന്തിയോടനുബന്ധിച്ച് നാടെങ്ങും വിപുലമായ ആഘോഷപരിപാടികൾ. ഗുരുദേവ ദർശനങ്ങൾ ഉൾക്കൊണ്ട് മുന്നോട്ട്പോകേണ്ട കാലഘട്ടമാണിതെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി.

6. സംസ്ഥാനത്ത് ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

PNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$

**<u>സി എം (ഇൻട്രോ)</u>**

സിനിമ മേഖലയിൽ ചൂഷണം ചെയ്യപ്പെടുന്നവർക്ക് ഒപ്പമാണ് സംസ്ഥാന സർക്കാർ എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഹേമക്കമ്മിറ്റിയ്ക്ക് മുന്നിൽ മൊഴി നൽകാൻ തയ്യാറായ ഏതെങ്കിലും വനിതകൾ പരാതി നൽകാൻ മുന്നോട്ട് വന്നാൽ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. കുറ്റം ചെയ്തത് ഏത് ഉന്നതനാണെങ്കിലും നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നും അദ്ദേഹം വ്യക്തമാക്കി. ഹേമക്കമ്മിറ്റി റിപ്പോർട്ട് പുറത്തുവരുന്നതിൽ സർക്കാരിന് എതിർപ്പുണ്ടായിരുന്നില്ല. മൊഴിയുടെ അടിസ്ഥാനത്തിൽ കേസെടുക്കണമെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലെന്നും എന്നാൽ മൊഴി നൽകിയവരുടെ സ്വകാര്യത സംരക്ഷിക്കണമെന്ന് ജസ്റ്റിസ് ഹേമ നിർദ്ദേശിച്ചിരുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് - വോയിസ് )

രാജ്യത്ത് തന്നെ ആദ്യമായാണ് ഇത്തരമൊരു സമിതിയ്ക്ക് സംസ്ഥാന സർക്കാർ രൂപം നൽകുന്നത്. സിനിമാ സീരിയൽ രംഗത്തെ ചൂഷണം തടയാൻ ട്രൈബ്യൂണൽ രൂപീകരിക്കണമെന്ന റിപ്പോർട്ടിലെ നിർദ്ദേശം ഗൗരവമായി തന്നെ പരിഗണിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$

**<u>.ഹേമ കമ്മിറ്റി റിപ്പോർട്ട്- പ്രതികരണം</u>**

ഹേമ കമ്മിറ്റി റിപ്പോർട്ട് ആദരിക്കപ്പെടേണ്ടതാണെന്നും സർക്കാരിനെ വിമർശിക്കാനില്ലെന്നും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. തുടർനടപടി സർക്കാർ പരിശോധിച്ചു കൈക്കൊള്ളുമെന്നും, ചർച്ചക്ക് സർക്കാർ ക്ഷണിച്ചാൽ പങ്കെടുക്കുമെന്നും അദ്ദേഹം ആലപ്പുഴയിൽ പറഞ്ഞു.

RNU TVPM

എന്നാൽ ഹേമ കമ്മിറ്റി റിപ്പോർട്ട് സർക്കാർ പുറത്ത് വിടാതിരുന്നത്, കുറ്റക്കാരെ സംരക്ഷിക്കാനെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ കുറ്റപ്പെടുത്തി. നടന്നത് ക്രിമിനൽകുറ്റമാണെന്നും എത്രയും വേഗം കേസെടുത്ത് അന്വേഷണം നടത്തുകയാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടാതിരുന്നതിൽ സംസ്ഥാന സർക്കാർ ജനങ്ങളോട് മാപ്പ് പറയണമെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ പ്രതികരിച്ചു. അടിയന്തര നടപടി

സ്വീകരിക്കാൻ സർക്കാർ തയ്യാറാവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$$$

**മുഖ്യമന്ത്രി - വയനാട്**

വയനാട്ടിൽ ജീവിതോപാധികൾ നഷ്ടപ്പെട്ട് അതിജീവനത്തിനായി പൊരുതുന്ന ഹതഭാഗ്യരെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരാൻ ബാങ്കുകളുടെ പിന്തുണ അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളണമെന്ന നിർദ്ദേശം ഇന്നലെ നടന്ന സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് സമിതി യോഗത്തിൽ വെച്ചതായും അദ്ദേഹം പറഞ്ഞു.പെട്ടെന്നുള്ള ആശ്വാസത്തിനായി സെക്യൂരിറ്റിയില്ലാതെ 25,000 രൂപ വരെയുള്ള ലോണുകൾ നൽകാനും യോഗത്തിൽ തീരുമാനമായിട്ടുണ്ട്. 30 മാസമായിരിക്കും ഈ ലോണിൻറെ തിരിച്ചടവ് സമയം. ദുരന്തമേഖലയിൽ ഉള്ള എല്ലാ റിക്കവറി നടപടികളും തൽക്കാലം നിർത്തിവയ്ക്കാനും യോഗത്തിൽ തീരുമാനമായതായി അദ്ദേഹം പറഞ്ഞു.

RNUTVPM

$$$$$$$$$$$$$$$$$$$$$$$$$$

**സുപ്രീംകോടതി**

ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ദേശീയ ദൗത്യ സംഘത്തിന് രൂപം നൽകി സുപ്രീംകോടതി. കൊൽക്കത്ത മെഡിക്കൽ കോളേജിൽ ഡോക്ടർ അതിക്രൂരമായി കൊല്ലപ്പെട്ട സംഭവത്തിൽ സ്വമേധയാ എടുത്ത കേസ് പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി. മൂന്ന് ആഴ്ച്ചയ്ക്കകം പ്രാരംഭ റിപ്പോർട്ട് നൽകാനും, രണ്ട് മാസത്തിനകം അന്തിമ റിപ്പോർട്ട് നൽകാനും ഡോക്ടർമാർ അംഗങ്ങളായ

ദൗത്യസംഘത്തിന് കോടതി നിർദ്ദേശം നൽകി. നിലവിലെ നിയമങ്ങൾ ഡോക്ടർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും സുരക്ഷ ഉറപ്പുവരുത്താൻ പര്യാപ്തമല്ലെന്നും ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബഞ്ച് നിരീക്ഷിച്ചു. അതേസമയം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്പേസ് ഓഡിറ്റ് നടത്താൻ ആരോഗ്യ മന്ത്രി വീണാ ജോർജ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി. ഡ്യൂട്ടി റൂം, പരിശോധനാ മുറി, റെസ്റ്റ് റൂം തുടങ്ങിയവ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ പരിശോധിച്ച് സുരക്ഷിതത്വം ഉറപ്പാക്കണമെന്നാണ് നിർദ്ദേശം.

$$$$$$$$$$$$$$$$$$$$$$$$$

## <u>ലാറ്ററൽ എൻട്രി</u>

സർക്കാർ ജോലികളിലെ ഉന്നത സ്ഥാനങ്ങളിലേക്കുള്ള ലാറ്ററൽ എൻട്രി സംബന്ധിച്ച വിജ്ഞാപനം പിൻവലിക്കാൻ യു.പി.എസ്.സി യ്ക്ക് നിർദേശം നൽകി കേന്ദ്രസർക്കാർ. ജോയിന്റ് സെക്രട്ടറി, ഡയറക്ടർ, ഡെപ്യൂട്ടി സെക്രട്ടറി സ്ഥാനങ്ങളിലേക്കുള്ള 45 നിയമനങ്ങൾ സംബന്ധിച്ച പരസ്യമാണ് പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരം പിൻവലിക്കാൻ തീരുമാനിച്ചത്. ലാറ്ററൽ നിയമനങ്ങളിൽ സംവരണ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിൻറെ ഭാഗമായാണ് നടപടി. നിയമനത്തിനെതിരെ പ്രതിപക്ഷവും രംഗത്ത് എത്തിയിരുന്നു. മുൻ സർക്കാരുകളുടെ കാലത്തും ലാറ്ററൽ എൻട്രി വഴി സുപ്രധാന നിയമനങ്ങൾ നടന്നതായി കേന്ദ്രമന്ത്രി ഡോ .ജിതേന്ദ്ര സിങ്
$$$$$$$$$$$$$$$$$$$$$$$$$

## <u>പ്രധാനമന്ത്രി - പോളണ്ട്-യുക്രൈൻ</u>

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനത്തിന് നാളെ തുടക്കം. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പോളണ്ടിലെത്തുന്ന പ്രധാനമന്ത്രി, പോളിഷ് പ്രസിഡൻറ് - പ്രധാനമന്ത്രി ഉൾപ്പെടെയുള്ള നേതാക്കളുമായി കൂടിക്കാഴ്ചകൾ നടത്തും.

RNUTVPM

പോളണ്ടിലെ ഇന്ത്യൻ സമൂഹവുമായും വ്യവസായികളുമായും അദ്ദേഹം സംവദിക്കും. തുടർന്ന് ഈ മാസം 23 ന് യുക്രൈനിലെത്തുന്ന പ്രധാനമന്ത്രി, യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തും.

$$$$$$$$$$$$$$$$$$$$$$$$$$

## മുഖ്യമന്ത്രി - ഓണം

ഓണക്കാലത്ത് സർക്കാർ ആഭിമുഖ്യത്തിലുള്ള ആഘോഷമൊഴികെ മറ്റെല്ലാ കാര്യങ്ങളും നടക്കുമെന്നും കലാപ്രവർത്തകരും, കച്ചവടക്കാരും പ്രയാസപ്പെടുന്ന നില ഉണ്ടാകില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

സംസ്ഥാനത്തെ A.A.Y റേഷൻകാർഡ് ഉടമകൾക്ക് ഈ വർഷവും പതിമൂന്ന് ഇനം ഭക്ഷ്യ ഉല്പന്നങ്ങൾ അടങ്ങിയ ഓണകിറ്റ് സംസ്ഥാന സർക്കാർ വിതരണം ചെയ്യും. ഓണക്കാലത്ത് കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഓണച്ചന്തകൾ സപ്ലൈകോയുടെയും കൺസ്യൂമർ ഫെഡിൻറെയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$

## സുരേഷ് ഗോപി

170-ാമത് ¬ശ്രീനാരായണ ഗുരു ജയന്തിയോടനുബന്ധിച്ച് നാടെങ്ങും ഇന്ന് വിപുലമായ ആഘോഷപരിപാടികൾ നടന്നു. വർക്കല ശിവഗിരിയിൽ നടന്ന ജയന്തി സമ്മേളനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. തുല്യതയ്ക്കും, സാമൂഹിക ഐക്യത്തിനുമായി, ഗുരുദേവ ദർശനങ്ങൾ ഉൾക്കൊണ്ട് മുന്നോട്ട്പോകേണ്ട കാലഘട്ടമാണിതെന്ന് അദ്ദേഹം പറഞ്ഞു. ജാതീയതയും അസമത്വവും വേരൂന്നിയ ഒരു കാലഘട്ടത്തിൽ ഗുരുദേവൻറെ ആശയങ്ങൾ മാറ്റത്തിന് വഴിതെളിച്ചതായും കേന്ദ്രസഹമന്ത്രി പറഞ്ഞു. ചെമ്പഴന്തി

ശ്രീനാരായണ ഗുരുകുലത്തിൽ ഇന്ന് നടക്കുന്ന ജയന്തി സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

$$$$$$$$$$$$$$$$$$$$$$$$$$

**<u>കെ എൻ ബാലഗോപാൽ</u>**

റേഷൻ ഭക്ഷ്യധാന്യത്തിൻറെ വാതിൽപ്പടി വിതരണത്തിനായി സിവിൽ സപ്ലൈസ് കോർപറേഷന് 50 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. അധിക സംസ്ഥാന വിഹിതമായാണ് തുക ലഭ്യമാക്കുകയെന്നും മന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$

**<u>ഐ സി ഡി എസ് സെമിനാർ</u>**

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാാം വാർഷികത്തോടനുബന്ധിച്ച് പോഷകാഹാര അവബോധ സെമിനാർ വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ മറ്റന്നാൾ സംഘടിപ്പിക്കും. ഐ സി ഡി എസിൻറെ സഹകഹരണത്തോടെ സംഘടിപ്പിക്കുന്ന സെമിനാർ പ്രശസ്ത എഴുത്തുകാരി റോസ്മേരി ഉദ്ഘാടനം ചെയ്യും.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$

**<u>ആകാശവാണി സംഗമം (ഇൻട്രോ)</u>**

കോഴിക്കോട് ആകാശവാണി ലിസനേഴ്സ് & ആർട്ടിസ്റ്റ്സ് അസോസിയേഷൻ സംഗമം ഗുജറാത്തി സ്ട്രീറ്റിലെ ഗുദാം ആർട്ട് ഗാലറിയിൽ നടന്നു. ആകാശവാണി മുൻ സീനിയർ അനൗൺസർ ആർ.കനകാംബരൻ ഉദ്ഘാടനം ചെയ്ത പരിപാടിയുടെ ഭാഗമായി വിവിധ കാലഘട്ടങ്ങളിലുള്ള അത്യപൂർവ്വ റേഡിയോകളുടെ പ്രദർശനവും നടന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു..

(ഹോൾഡ്)

$$$$$$$$$$$$$$$$$$$$$$$$$$

**<u>മഴ</u>**

സംസ്ഥാനത്ത് ഇന്നും നാളെയും  ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകി. കേരള- കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$

**<u>ഓഹരി + സ്വർണ്ണം</u>**

രാജ്യത്തെ ഓഹരിവിപണികൾ നേട്ടത്തോടെ ഇന്ന് വ്യാപാരം അവസാനിപ്പിച്ചു . ബോംബെ ഓഹരിസൂചിക സെൻസെക്സ് 378 പോയിന്റ് ഉയർന്ന് 80,802-ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 126 പോയിന്റ് ഉയർന്ന് 24,699 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണ്ണവില കുറഞ്ഞു. ഗ്രാമിന് 10 രൂപ കുറഞ്ഞ് 6,660 രൂപയും പവന് 80 രൂപ കുറഞ്ഞ് 53,280 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$
$$$$$$$$
$$$$